"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം - കേരള പോലീസിലെ ഫിംഗർ പ്രിന്റ് ബ്യൂറോയിൽ, 3 ഫിംഗർ പ്രിൻറ് എക്സ്പെർട്ടുമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (കെ) വകുപ്പ്**

സ.ഉ.(കൈ) നം.234/2025/HOME തീയതി,തിരുവനന്തപുരം, 26-12-2025

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 21.12.2024 ലെ എസ്.4/(എ) 97958/2024/പിഎച്ച്ക്യൂ നമ്പർ കത്ത്

**ഉത്തരവ്**

കേരള പോലീസിലെ ഫിംഗർ പ്രിന്റ് ബ്യൂറോയിൽ, 3 ഫിംഗർ പ്രിൻറ് എക്സ്പെർട്ടുമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നല്കണമെന്ന് ആവശ്യപ്പെട്ട് പരാമർശത്തിലെ കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്തിരുന്നു. വിരലടയാളങ്ങൾ താരതമ്യം ചെയ്ത് കോടതികളിൽ ഒപ്പീനിയൻ സമർപ്പിക്കുന്നതും അതുമായി ബന്ധപ്പെട്ട് കോടതികളിൽ സാക്ഷിമൊഴി നൽകുന്നതും നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ അഖിലേന്ത്യാ എക്സ്പെർട്ട് പരീക്ഷ പാസ്സായ ഫിംഗർ പ്രിന്റ് എക്സ്പെർട്ടുമാരാണെന്നും കൂടാതെ ജില്ലകളിൽ പോലീസ് ഓഫീസർമാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതും വിദേശ രാജ്യങ്ങളിലെ ജോലിക്ക് ആവശ്യമായ ഫിംഗർ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി നൽകുന്നതും ഇന്റേൺഷിപ്പിന് സമീപിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനം നൽകുന്നതും ഫിംഗർ പ്രിന്റ് എക്സ്പർട്ടിന്റെ ചുമതലയിൽപ്പെടുന്നുവെന്നും അതോടൊപ്പം ഓരോ കേസിലും ശേഖരിക്കുന്ന ചാൻസ് പ്രിൻറുകൾ ബ്യൂറോയിലെ റിക്കോർഡ്സ്, ഓട്ടോമേറ്റഡ് ഫിംഗർപ്രിൻറ് ഐഡെന്റിഫിക്കേഷൻ സിസ്റ്റം (AFIS), നാഷണൽ ഓട്ടോമേറ്റഡ് ഫിംഗർ പ്രിൻറ് ഐഡെന്റിഫിക്കേഷൻ സിസ്റ്റം (NAFIS) എന്നിവയിൽ സെർച്ച് ചെയ്ത് ആയതിന്റെ റിസൾട്ട് തയ്യാറാക്കി അന്വേഷണ ഉദ്യോഗസ്ഥന് അയച്ചു കൊടുക്കുന്നതിന്റെ ചുമതലയും ഫിംഗർ പ്രിൻറ് എക്സ്പർട്ടിനാണെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. നിലവിൽ തൃശ്ശൂർ സിറ്റി , കൊല്ലം റൂറൽ എന്നി ഫിംഗർ പ്രിന്റ് ബ്യൂറോകളിൽ ഈ വർഷം ഏകദേശം 200 കേസുകളോളം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എന്നാൽ ഒരു ഫിംഗർ പ്രിൻറ് എക്സ്പെർട്ട് തസ്തിക മാത്രമേ ഈ ജില്ലകളിൽ അനുവദിച്ചിട്ടുള്ളുവെന്നും ആയതിനാൽ കേസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ സാധിക്കുന്നില്ലയെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ 2024 ജനുവരി മുതൽ സെപ്തംബർ മാസം വരെ 19 ജില്ലാ ഫിംഗർ പ്രിൻറ് ബ്യൂറോകളിലായി 4052 ക്രൈം സീൻ പരിശോധിച്ചിട്ടുണ്ടെന്നും ഓരോ ജില്ലയിലും ശരാശരി 213 ക്രൈം സീൻ ഇൻസ്പെക്ട് ചെയ്തിട്ടുണ്ടെന്നും അതിൽ തിരുവനന്തപുരം റൂറൽ ജില്ലയുടെ കീഴിലാണ് ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും ഈ കേസുകളെല്ലാം കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ നിലവിലുള്ള ഫിംഗർ പ്രിൻറ് എക്സ്പെർട്ട്മാർക്ക് അസാധ്യമാണെന്നും അതിനാൽ അടിയന്തിരമായി തിരുവനന്തപുരം റൂറൽ ജില്ലയിലും തൃശ്ശൂർ സിറ്റി, കൊല്ലം റൂറൽ എന്നീ

ജില്ലകളിലും 3 ഫിംഗർ പ്രിൻറ് എക്സ്പർട്ടുമാരുടെ അധിക തസ്തിക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പോലീസ് ഫിംഗർ പ്രിന്റ് ബ്യൂറോയിൽ തൃശ്ശൂർ സിറ്റി, കൊല്ലം റൂറൽ, തിരുവനന്തപുരം റൂറൽ എന്നിവിടങ്ങളിൽ ഓരോ ഫിംഗർ പ്രിൻറ് എക്സ്പെർട്ട് തസ്തിക വീതം ആകെ 3 ഫിംഗർ പ്രിന്റ് എക്സ്പെർട്ട് തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ബിജു ഐ എ എസ്**

**സെക്രട്ടറി**

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം

ഡയറക്ടർ,ഫിംഗർ പ്രിൻറ് ബ്യൂറോ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) , തിരുവനന്തപുരം

ധനകാര്യവകുപ്പ് (10.03.2025-ലെ E:3036911) EXP-A3/42/2025-FIN പ്രകാരം)

പൊതുഭരണ(എസ്.സി) വകുപ്പ് ( 24.12.2025-ലെ ഇനം നമ്പർ 3458)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Anisha Vijayan
Date: 27-12-2025 10:39:54

സെക്ഷൻ ഓഫീസർ

പകർപ്പ്-1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2). ചീഫ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

3) ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

4) പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-12-2025

ഫയൽ നം. കെ2/3/2025/ആഭ്യന്തരം. ഇനം നം: 3458

വിഷയം : ആഭ്യന്തര വകുപ്പ് - കേരള പോലീസ് ഫിംഗർ പ്രിന്റ് ബ്യൂറോയിൽ 3 ഫിംഗർ പ്രിന്റ് എക്സ്പർട്ട് തസ്തികകൾ സൃഷ്ടിക്കുന്നത്.

So(K) 26/12

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
26 DEC 2025

3458

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | **കെ2/3/2025- ആഭ്യന്തരം** |
| 2. വകുപ്പ് | **ആഭ്യന്തര (കെ) വകുപ്പ്** |
| 3. വിഷയം | **കേരള പോലീസ് ഫിംഗർ പ്രിന്റ് ബ്യൂറോയിൽ 3 ഫിംഗർ പ്രിന്റ് എക്സ്പർട്ട് തസ്തികകൾ സൃഷ്ടിക്കുന്നത്- സംബന്ധിച്ച്.** |
| 4.മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | **28/11/2025** |
| 5.(i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | **അതെ** |
| (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **ഉണ്ട്** |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **ഇല്ല** |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | **ശ്രീമതി രശ്മി എ ആർ** |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | **ശ്രീ.ബിശ്വനാഥ് സിൻഹ** |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | **08/12/2025** |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | **ഡോ. എ. ജയതിലക്** |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | **15/12/2025** |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | **ശ്രീ. പിണറായി വിജയൻ** |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | **16/12/2025** |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | **18/12/2025** |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16.തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. കേരള പോലീസ് ഫിംഗർ പ്രിന്റ് ബ്യൂറോയിൽ 3 അധിക ഫിംഗർ പ്രിന്റ് എക്സ്പർട്ട് തസ്തികകൾ സൃഷ്ടിക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ ശുപാർശയാണ് കുറിപ്പിലെ പരിഗണനാവിഷയം.

2. വിരലടയാലങ്ങൾ താരതമ്യം ചെയ്ത് കോടതികളിൽ ഒപ്പീനിയൻ സമർപ്പിക്കുന്നതും അതുമായി ബന്ധപ്പെട്ട് കോടതികളിൽ സാക്ഷിമൊഴി നൽകുന്നതും നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ അഖിലേന്ത്യാ എക്സപർട്ട് പരീക്ഷ പാസ്സായ ഫിംഗർ പ്രിന്റ് എക്സ്പർട്ടുമാരാണെന്നും കൂടാതെ ജില്ലകളിൽ പോലീസ് ഓഫീസർമാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതും വിദേശ രാജ്യങ്ങളിലെ ജോലിക്ക് ആവശ്യമായ ഫിംഗർ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി നൽകുന്നതും ഇന്റേൺഷിപ്പിന് സമീപിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനം നൽകുന്നതും ഫിംഗർ പ്രിന്റ് എക്സ്പർട്ടിന്റെ ചുമതലയിൽ പ്പെട്ടുന്നുവെന്നും അതോടൊപ്പം ഓരോ കേസിലും ശേഖരിക്കുന്ന ചാൻസ് പ്രിൻറുകൾ ബ്യൂറോയിലെ റെക്കോർഡ്സ്, ഓട്ടോമേറ്റഡ് ഫിംഗർപ്രിൻറ് ഐഡെന്റിഫിക്കേഷൻ സിസ്റ്റം (AFIS), നാഷണൽ ഓട്ടോമേറ്റഡ് ഫിംഗർ പ്രിൻറ് ഐഡെന്റിഫിക്കേഷൻ സിസ്റ്റം (NAFIS) എന്നിവയിൽ സെർച്ച് ചെയ്ത് ആയതിന്റെ റിസൾട്ട് തയ്യാറാക്കി അന്വേഷണ ഉദ്യോഗസ്ഥന് അയച്ചു കൊടുക്കുന്നതിന്റെ ചുമതലയും ഫിംഗർ പ്രിൻറ് എക്സ്പർട്ടിനാണെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. മേൽ പറഞ്ഞ ജോലികൾ പരിഗണിക്കുമ്പോൾ ഒരു ഫിംഗർ പ്രിൻറ് എക്സ്പർട്ടിന് ഒരു മാസത്തിൽ ശരാശരി 6*മുതൽ 8 വരെ കേസ് ഫയലുകൾ മാത്രമേ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ സാധിക്കുകയുള്ളൂ. ഇത് പ്രകാരം ഒരു വർഷത്തിൽ പരമാവധി 100 കേസ് ഫയലുകൾ വരെ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ കഴിയുന്നുവെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരിക്കുന്നു.

4. തൃശ്ശൂർ സിറ്റി , കൊല്ലം റൂറൽ എന്നീ ഫിംഗർ പ്രിന്റ് ബ്യൂറോകളിൽ 2025 -ൽ ഏകദേശം 200 കേസുകളോളം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എന്നാൽ ഒരു ഫിംഗർ പ്രിൻറ് എക്സ്പർട്ട് തസ്തിക മാത്രമേ ഈ ജില്ലകളിൽ അനുവദിച്ചിട്ടുള്ളൂവെന്നും ആയതിനാൽ കേസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ സാധിക്കുന്നില്ലയെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ 2024 ജനുവരി മുതൽ സെപ്റ്റംബർ മാസം വരെ 19 ജില്ലാ ഫിംഗർ പ്രിൻറ് ബ്യൂറോകളിലായി 4052 ക്രൈം സീൻ പരിശോധിച്ചിട്ടുണ്ടെന്നും ഓരോ ജില്ലയിലും ശരാശരി 213 ക്രൈം സീൻ ഇൻസ്പെക്ട് ചെയ്തിട്ടുണ്ടെന്നും അതിൽ തിരുവനന്തപുരം റൂറൽ ജില്ലയുടെ കീഴിലാണ് ഏറ്റവും കൂടുതൽ കേസുകൾ

റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും ഈ കേസുകളെല്ലാം കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ നിലവിലുള്ള ഫിംഗർ പ്രിൻറ് എക്സ്പർട്ട്മാർക്ക് അസാധ്യമാണെന്നും അതിനാൽ അടിയന്തിരമായി തിരുവനന്തപുരം റൂറൽ ജില്ലയിലും തൃശ്ശൂർ സിറ്റി, കൊല്ലം റൂറൽ എന്നീ ജില്ലകളിലും 3 ഫിംഗർ പ്രിൻറ് എക്സ്പർട്ടുമാരുടെ അധിക തസ്തിക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

5. ഈ വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിലേക്കായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ധനകാര്യ വകുപ്പ് മന്ത്രി കണ്ട് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയും തുടർന്ന് തൃശ്ശൂർ സിറ്റി, കൊല്ലം റൂറൽ, തിരുവനന്തപുരം റൂറൽ എന്നിവിടങ്ങളിൽ ഓരോ ഫിംഗർ പ്രിൻറ് എക്സ്പർട്ട് തസ്തിക വീതം അനുവദിക്കാവുന്നതാണെന്ന് ധനകാര്യ വകുപ്പ് മന്ത്രി അറിയിക്കുകയും പ്രസ്തുത നിർദ്ദേശം ബഹു.മുഖ്യമന്ത്രി അംഗീകരിക്കുകയും ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാനും ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കേരളാ പോലീസ് ഫിംഗർ പ്രിന്റ് ബ്യൂറോയിൽ തൃശ്ശൂർ സിറ്റി, കൊല്ലം റൂറൽ, തിരുവനന്തപുരം റൂറൽ എന്നിവിടങ്ങളിൽ ഓരോ ഫിംഗർ പ്രിൻറ് എക്സ്പർട്ട് തസ്തിക വീതം ആകെ 3 ഫിംഗർ പ്രിൻറ് എക്സ്പർട്ട് തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ?